**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വികാസ് ഭവൻ, തിരുവനന്തപുരം-695033
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

---

നം: ADFW/1731/2025-SA2 തീയതി:04-03-2025

കൃഷി ഡയറക്ടർ

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൻകീഴിലുള്ള
ഓഫീസ് മേധാവികൾക്കും

സർ,

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഓൺലൈൻ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്

സൂചന:- സർക്കാർ ഉത്തരവ് (P) നമ്പർ 3/2017/P&ARD തീയതി 25/02/2017

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ 2025 വർഷത്തെ പൊതുസ്ഥലം മാറ്റത്തിന് മുന്നോടിയായി ഡി.ഡി.ഓ മാർ വിവിധ തസ്തികകളിലെ ജീവനക്കാരുടെ Sanctioned Strength, Existing Strength, Vacancy **എന്നിവ സ്പാർക്ക്** സോഫ്റ്റ്‌വെയറിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട നടപടികൾ സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ടതിനാൽ സ്പാർക്കിൽ രേഖപ്പെടുത്തിയിട്ടുള്ള Sanctioned Strength ഉൾപ്പെടെയുള്ള വിവരങ്ങളുടെ കൃത്യത പരിശോധിക്കേണ്ടതും പിഴവുകൾ ഇല്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ജീവനക്കാരുടെ കൃത്യമായ സേവന വിവരങ്ങൾ സേവനപുസ്തകവുമായി ഒത്തുനോക്കി സ്പാർക്കിൽ രേഖപ്പെടുത്തി 'Lock' ചെയ്ത ശേഷം ആയത് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കേണ്ടതും ഈ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതുമാണ്. കൂടാതെ വിരമിച്ചിട്ടുള്ള ജീവനക്കാരുടെയും, ഡെപ്യൂട്ടേഷനിലുള്ള ജീവനക്കാരുടെയും വിവരങ്ങൾ സ്പാർക്കിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള Cadre Mapping/ Difficulty Area Stations പരിശോധിച്ച് ആയതിൽ ഇനിയും ഉൾപ്പെടുത്തേണ്ടതോ ഒഴിവാക്കേണ്ടതോ ആയ സ്റ്റേഷൻസ് ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും പൊതുസ്ഥലം മാറ്റം സംബന്ധിച്ച് മറ്റ് അഭിപ്രായങ്ങൾ ഉണ്ടെങ്കിൽ ആയതും ഒരാഴ്ചയ്ക്കുള്ളിൽ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് പൊതുസ്ഥലം മാറ്റത്തെ ബാധിക്കും വിധം വീഴ്ചകൾ വരുത്തുന്നത് സഗൗരവം വീക്ഷിക്കുന്നതാണ്

വിശ്വസ്തതയോടെ

BEENA P S
SENIOR ADMINISTRATIVE OFFICER
കൃഷി ഡയറക്ടർക്കു വേണ്ടി